13264
2917119

# കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അധിക ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. 2061/2019/റവ. തിരുവനന്തപുരം, തീയതി, 27.07.2019.

പരാമർശം:-
1. സ.ഉ. (സാധാ) നം. 5088/2018/റവ., തീയതി, 08.12.2018.
2. സ.ഉ. (സാധാ) നം. 134/2019/റവ., തീയതി, 14.01.2019.
3. സ.ഉ. (സാധാ) നം. 2020/2019/റവ., തീയതി, 25.07.2019.
4. ആലപ്പുഴ ജില്ലാ കളക്ടറുടെ 22.07.2019-ലെ എൻ1-28248/2018 നമ്പർ കത്ത്.

## ഉത്തരവ്

പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം 253.10 കോടി രൂപയായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തിട്ടപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 126,55,00,000/- രൂപയും പരാമർശം (2) പ്രകാരം 25,45,92,800/- രൂപയും പരാമർശം (3) പ്രകാരം 100,00,00,000/- രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ഫസ്റ്റ് ഫേസിൽ സ്ക്രൂട്ടിനിക്കുശേഷം താലൂക്കുകളിലേയ്ക്ക് ആവശ്യമായ ഫണ്ടുകളുടെ വിവരം ആലപ്പുഴ ജില്ലാ കളക്ടർ താഴെപ്പറയും പ്രകാരം ലഭ്യമാക്കുകയുണ്ടായി.

| | | |
|---|---|---|
| അമ്പലപ്പുഴ | : | 34 കോടി |
| കുട്ടനാട് | : | 65 കോടി |
| മാവേലിക്കര | : | 9 കോടി |
| കാർത്തികപ്പള്ളി | : | 35 കോടി |
| ചെങ്ങന്നൂർ | : | 40 കോടി |
| ആകെ | : | 183 കോടി |

3. ഇതിൻ പ്രകാരം 183 രൂപ കോടി ആവശ്യമുണ്ടെന്നും ആയത് അനുവദിച്ച് ഉത്തരവാകണമെന്നും പരാമർശം (4) പ്രകാരം ആലപ്പുഴ ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം 100 കോടി അനുവദിച്ച് ഉത്തരവായ സാഹചര്യത്തിൽ ബാക്കി നിൽക്കുന്ന 83,00,00,000/- (എൺപത്തിമൂന്ന് കോടി രൂപ മാത്രം) രൂപ കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

...2/-

4. വിതരണത്തിനാവശ്യമായി വരുന്ന 83,00,00,000/- (എൺപത്തിമൂന്ന് കോടി രൂപ മാത്രം) രൂപ ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വേണു. വി.
പ്രിൻസിപ്പൽ സെക്രട്ടറി.

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം

ജില്ലാ കളക്ടർ, ആലപ്പുഴ

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,
വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindumol. K.M

സെക്ഷൻ ഓഫീസർ.